കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2005 ഫെബ്രുവരി 8, ചൊവ്വ

വാല്യം 124] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ 2005 ഫെബ്രുവരി മാസം 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 മണിക്ക് ബഹു.മാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ..... ഓർഡർ.....

ഗൾഫ് നാടുകളിൽ കഷ്ടപ്പെടുന്ന മലയാളികൾ

1. (*148) ശ്രീ. കെ. മുഹമ്മദാലി :

പ്രൊഫ. എ. ഡി. മുസ്തഫ :

ഡോ. എം. എ. കുട്ടപ്പൻ :

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :

,, കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉയർന്ന ശമ്പളവും താമസ സൗകര്യങ്ങളും വാഗ്ദാനം ചെയ്ത് ഗൾഫ് രാജ്യങ്ങളിലേക്ക് അയയ്ക്കപ്പെടുന്ന മലയാളികളിൽ ചിലർ അവിടെ ജീവിക്കുവാൻ പോലുമുള്ള വേതനം ലഭിക്കാതെ കഷ്ടപ്പെടുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവരെ ഏതെങ്കിലും വിധത്തിൽ സഹായിക്കുവാൻ കഴിയുമോ എന്നറിയിക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, (എ) ഉണ്ട്.

(ബി) ഉയർന്ന ശമ്പളവും താമസസൗകര്യങ്ങളും വാഗ്ദാനം ചെയ്ത് ഗൾഫ് രാജ്യങ്ങളിലേക്ക് വ്യാജ റിക്രൂട്ട്മെന്റ് നടത്തുന്ന ഏജന്റുമാർക്കെതിരെ കർശനമായ നടപടികൾ കൈക്കൊള്ളുന്നതിനായി നിലവിലുള്ള എമിഗ്രേഷൻ നിയമങ്ങളിൽ എമിഗ്രേഷൻ ആക്ട് (1983) ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ കേന്ദ്രഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥകളിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നു:

ഇന്ത്യൻ എംബസ്സികളിൽ പ്രവാസി തൊഴിലാളി വെൽഫെയർ ഓഫീസർമാരെ നിയമിക്കുക; റിക്രൂട്ട്മെന്റ് ഏജൻസികൾ വിദേശ തൊഴിൽ അവസരങ്ങളെപ്പറ്റി പരസ്യം പ്രസിദ്ധീകരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ മുൻകൂർ അനുമതി തേടിയിരിക്കേണ്ടതാണ്; മലയാളികൾ വിദേശത്ത് തൊഴിലിനായി പോകുന്നതിനുമുൻപ് 'നോർക്ക' വകുപ്പിന്റെ അനുമതി തേടിയിരിക്കേണ്ടതാണ്; സംസ്ഥാനതലത്തിൽ ഒരു മാനവശേഷി കയറ്റുമതി പ്രൊമോഷൻ കൗൺസിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുക; പ്രവാസി തൊഴിലാളി വെൽഫെയർ ഫണ്ട് നടപ്പിലാക്കുക; എമിഗ്രേഷൻ നിയമങ്ങൾ ലംഘിക്കുന്ന ഏജന്റുമാർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് അനുമതി നൽകുക. വ്യാജ റിക്രൂട്ട്മെന്റ് ഏജൻസികൾ വഴിയോ മറ്റുവിധത്തിലോ ഗൾഫ് നാടുകളിൽ വഞ്ചിതരായി കുടുങ്ങിക്കിടക്കുന്നവരെ സഹായിക്കുവാൻ ഇന്ത്യൻ എംബസ്സികളുമായി ബന്ധപ്പെട്ട് നോർക്ക ഡിപ്പാർട്ടുമെന്റ് ശ്രമിക്കുന്നുണ്ട്.

ശ്രീ. കെ. മുഹമ്മദാലി: സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണിത്. മെച്ചപ്പെട്ട ശമ്പളവും മറ്റു സൗകര്യങ്ങളുമൊക്കെ വാഗ്ദാനം ചെയ്തുകൊണ്ടാണ് ഈ പാവപ്പെട്ട ആളുകളെ റിക്രൂട്ടിംഗ് ഏജൻസികൾ ഗൾഫിലേയ്ക്ക് കൊണ്ടുപോകുന്നത്. പക്ഷേ അവിടെ ചെല്ലുമ്പോഴുണ്ടാകുന്ന സ്ഥിതി വളരെ ദയനീയമാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ ഗവൺമെന്റിന് ഈ കാര്യത്തിൽ ശരിയായ രീതിയിൽ ഇടപെടാനുള്ള സൗകര്യമുണ്ടാക്കുകയെന്നുള്ളത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. ഇവിടെ പറഞ്ഞ മറുപടിയിൽ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്കുവേണ്ടി നൽകിയിരിക്കുന്ന എമിഗ്രേഷൻ നിയമങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ അടിയന്തിരമായി പ്രാവർത്തികമാക്കുന്നതിന് എന്തു നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്?

ശ്രീ. ഉമ്മൻചാണ്ടി: ഗവൺമെന്റ്, ജസ്റ്റീസ് സുകുമാരൻ ചെയർമാനായിട്ടുള്ള ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. ആ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എമിഗ്രേഷൻ ആക്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ഇങ്ങനെയുള്ള വ്യാജ റിക്രൂട്ടിംഗ് ഏജൻസികളെ നിയന്ത്രിക്കുന്നതിനും അവരുടെ തെറ്റായിട്ടുള്ള പ്രചരണങ്ങൾ തടയുന്നതിനും സംസ്ഥാന ഗവൺമെന്റിന് ആവശ്യമായ അധികാരങ്ങൾ തിരിക,

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ കേന്ദ്ര നിയമത്തിലും കർശനമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുക, തുടങ്ങിയ നിർദ്ദേശങ്ങളടക്കമുള്ളത് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരിക്കുകയാണ്. കേന്ദ്രത്തിലെ വിദേശ ഇന്ത്യാക്കാരുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പുമന്ത്രിയെ നേരിട്ടുകണ്ടുതന്നെ എത്രയുംവേഗം ഇതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന ഗവൺമെന്റിനുവേണ്ടി അഭ്യർത്ഥിച്ചിട്ടുണ്ട്.

ശ്രീ. കെ. മുഹമ്മദാലി : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ നിയമത്തിൽ ഈ ഭേദഗതികൾ വരുത്തുന്നതിനു മുൻപുതന്നെ സംസ്ഥാനത്തെ നിയമസമാധാന സംവിധാനം ഉപയോഗപ്പെടുത്തിക്കൊണ്ട് സാധാരണ ആളുകളെ വഞ്ചിക്കുന്ന വ്യാജ റിക്രൂട്ടിംഗ് ഏജൻസികളെ കർശനമായി നിയന്ത്രിക്കുന്നതിനും അവർക്കെതിരായി നടപടികൾ സ്വീകരിക്കുന്നതിനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഉമ്മൻചാണ്ടി : ഗവൺമെന്റിന്റെ ശ്രദ്ധയിൽ വരുന്ന കാര്യങ്ങളിൽ കർശനമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇപ്പോൾത്തന്നെ പല പരാതികളും വരുന്നുണ്ട്. ആ പരാതികളിൽ നമുക്ക് നിയമപരമായി ഇടപെടാവുന്ന കാര്യങ്ങളിൽ-അതായത് ഇപ്പോഴിവിടെ വഞ്ചനാകുറ്റം ചെയ്തുകൊണ്ട് ആളുകളെ കബളിപ്പിച്ചുകൊണ്ട് പോയിട്ടുള്ളവർക്കെതിരെ അതനുസരിച്ചുള്ള വകുപ്പുവച്ച് കേസ് എടുക്കുന്നുണ്ട്. പക്ഷേ അതിൽ വരുന്ന ബുദ്ധിമുട്ട് എന്താണെന്നുവച്ചാൽ, വഞ്ചിതരായതിനുശേഷമാണ് നമുക്ക് നടപടിയെടുക്കാൻ പറ്റുന്നത്. ഇങ്ങനെ ജോലിക്കുവേണ്ടി ആഗ്രഹിച്ച് ലക്ഷക്കണക്കിനാളുകൾ ഓടിനടക്കുകയാണ്. അവരെ വഞ്ചിക്കുന്ന നടപടിക്ക് തടസ്സമുണ്ടാക്കുക എന്നുള്ളതാണ് നമ്മൾ ആഗ്രഹിക്കുന്നത്. വഞ്ചിതരായവർ നൽകുന്ന പരാതിയുടെ അടിസ്ഥാനത്തിൽ കർശനമായ നടപടി ഇപ്പോൾത്തന്നെ പോലീസ് സ്വീകരിക്കുന്നുണ്ട്. അത് തുടരും, പല കാര്യത്തിലും ഫലപ്രദമായി ഇടപെടാൻ സാധിച്ചിട്ടുണ്ട്. എമിഗ്രേഷൻ ആക്ടിൽ ഭേദഗതി വരുത്തുന്നതോടെ ഇങ്ങനെ വഞ്ചിതരാകുന്ന സാഹചര്യം ഇല്ലാതാകണം എന്നുള്ളതാണ് ഉദ്ദേശം.

പ്രൊഫ. എ. ഡി. മുസ്തഫ : സർ, റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് ഒരു പ്രധാനപ്പെട്ട വിഷയമെന്നു പറയുന്നത് ഈ പറയുന്ന authorised ആയിട്ടും unauthorised ആയിട്ടുമുള്ള ഏജന്റുമാർ ആളുകളിൽ നിന്നും കാശുവാങ്ങി അവസാനം വിസയുമില്ല കാശുമില്ലെന്നുള്ള ഒരു സാഹചര്യത്തിൽ എത്തുന്നുണ്ട്. നിരവധി കേസുകളാണ് പല ഘട്ടങ്ങളിലായി നമ്മൾ കേൾക്കുന്നത്. അത് പോലീസിൽ റിപ്പോർട്ടു ചെയ്തുകഴിഞ്ഞാൽ വിസയുടെ പ്രശ്നമല്ലേ അതിൽ ഞങ്ങൾക്ക് എന്തുചെയ്യാൻപറ്റും എന്നുള്ള ഒരു approach ആണ് പലപ്പോഴും പോലീസിന്റെ ഭാഗത്തുനിന്നും വരുന്നത് എന്നുള്ള വസ്തുത അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. ഉമ്മൻചാണ്ടി : അങ്ങനെ എവിടെയെങ്കിലും പോലീസ് ഒഴിഞ്ഞുമാറിയിട്ടുണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തിയാൽ അതുസംബന്ധിച്ച് നടപടിയെടുക്കാം. ഇവിടെ ഒരാളെ പറഞ്ഞു കബളിപ്പിച്ച് തെറ്റായ വിവരങ്ങൾ നൽകി റിക്രൂട്ട് ചെയ്തിട്ടുള്ള കേസ് ആണെങ്കിൽ നമുക്ക് അതിന് കേസ് എടുക്കാം. അതിന് കർശനമായ നടപടി സ്വീകരിക്കും. അതിന് സംസ്ഥാന പോലീസിൽ എൻ.ആർ.ഐ.

LIBRARY ARCHIVES Kerala Legislative Assembly

സെൽ തുടങ്ങാനായി ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ആ സെൽ കൊണ്ടുദ്ദേശിക്കുന്നത് ഇങ്ങനെയുള്ള കേസുകൾ പ്രത്യേകമായി കൈകാര്യം ചെയ്യുക, അതോടൊപ്പംതന്നെ വിദേശത്തുള്ള മലയാളികൾക്ക് അവരുടെ ഏതെങ്കിലും വസ്തുവകകൾ സംബന്ധിച്ചോ അല്ലെങ്കിൽ അവരുടെ വീടുകൾ സംബന്ധിച്ചോ എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ആ പരാതികൾ കൈകാര്യം ചെയ്യുക എന്നിവയാണ് ഒരു ഉയർന്ന ഉദ്യോഗസ്ഥന്റെ കീഴിൽ ഒരു എൻ.ആർ.ഐ. സെൽ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. തെറ്റ് ചെയ്ത കാര്യങ്ങൾ പോലീസിന്റെ ശ്രദ്ധയിൽ വന്നിട്ട് എവിടെയെങ്കിലും അവർ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറിയിട്ടുണ്ടെങ്കിൽ അത് ബഹുമാനപ്പെട്ട മെമ്പറോ മറ്റേതെങ്കിലും മെമ്പറോ ശ്രദ്ധയിൽപ്പെടുത്തിയാൽ വളരെ ഗൗരവമായിട്ടുതന്നെയെടുക്കും.

പ്രൊഫ. എ. ഡി. മുസ്തഫ: സർ, ഗൾഫ് മലയാളികൾ നേരിടുന്ന മറ്റൊരു വലിയ പ്രയാസം നമ്മുടെ പ്രദേശത്തുനിന്നും പല ആവശ്യങ്ങൾ പറഞ്ഞുകൊണ്ട് ഡൊണേഷനുവേണ്ടിയുള്ള സ്ഥിരം പ്രവാഹമാണ്. പല ആവശ്യങ്ങൾ പറഞ്ഞുകൊണ്ട് എല്ലാ സമയത്തും മുന്നുനാല് ബാച്ച് യു.എ.ഇ.യുടെ പ്രദേശങ്ങളിലുണ്ടെന്നാണ് അവരുടെ ആളുകൾ പറയുന്നത്. അതിനെ നിയന്ത്രിക്കാൻ നമുക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമോ?

ശ്രീ. ഉമ്മൻചാണ്ടി: ഇത് ഈ ചോദ്യത്തിന്റെ പരിധിയിൽ വരുന്നതല്ല. എന്നാലും, ഇവിടെയുള്ളവർ സ്വയം നിയന്ത്രണം പാലിക്കുക എന്നുള്ളതുമാത്രമാണ് അതിനുള്ള പോംവഴി.

മി. സ്പീക്കർ: എല്ലാ സത്യാവസ്ഥകളും വിളിച്ചുപറയരുത്.

ഡോ. എം. എ. കുട്ടപ്പൻ: സർ, ഗൾഫിൽ ജോലിചെയ്യുന്ന മലയാളികളിൽ ഏതാണ്ട് 20% പേർക്കാണ് ഭേദപ്പെട്ട ശമ്പളവും ജീവിത സൗകര്യവുമുള്ളത്. ബാക്കിയുള്ള 80% ആളുകളും ജോലിചെയ്യുന്നത് വളരെ കഷ്ടത്തിലാണ്. കേരളത്തിൽ നിന്നും ധാരാളം സ്ത്രീകൾ house maids ആയി, വീട്ടുജോലിക്കാരായി ഗൾഫിൽ ജോലി ചെയ്യുന്നുണ്ട്. അവരൊക്കെ sexual harassment ഉൾപ്പെടെ ഒട്ടേറെ യാതനകൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ 50 ഡിഗ്രി ചൂടിൽവരെ നിന്നു ജോലി ചെയ്യുന്ന മലയാളികൾ അവിടെയുണ്ട്. അവർക്ക് താമസിക്കാനുള്ള ലേബർ ക്യാമ്പ് നമ്മെയൊക്കെ ഞെട്ടിപ്പിക്കുന്ന തരത്തിലുള്ളവയാണ്. അങ്ങനെ ലേബർ ക്യാമ്പുകളിൽ ജോലിചെയ്യുന്ന, house maids ആയി ജോലിചെയ്യുന്ന മലയാളികളുടെ സേവന-വേതന കാര്യങ്ങളിലൊന്നും നമുക്ക് ഇടപെടാൻ കഴിയുന്നില്ല. ഈ അടുത്ത നാളിൽ ജനുവരി 5-ാം തീയതി ബോംബെയിൽ 'പ്രവാസി ഭാരതീയ ദിവസം' കൂടിയിരുന്നു. അതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്തതാണ്. അതുകൊണ്ട് കേന്ദ്ര ലേബർ വകുപ്പിനെ ഇടപെടുവിച്ചുകൊണ്ട് ഈ ലേബർ ക്യാമ്പിൽ പണിയെടുക്കുന്ന മലയാളികൾക്ക് അതുപോലെതന്നെ house maids ആയി പണിയെടുക്കുന്നവരുടെ സേവന-വേതന കാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്നുള്ളതിന് സമ്മർദ്ദം ചെലുത്തുമോയെന്ന് അറിയാൻ താല്പര്യമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ഗൗരവമുള്ള കാര്യമാണ്. ഗൾഫ് എന്നു പറയുമ്പോൾ പലർക്കുമുള്ള ധാരണ അതൊരു സ്വർണ്ണഖനിയാണ് എന്നാണ്; അവിടെയുള്ളവരെല്ലാം വളരെ സുഖസൗകര്യങ്ങളോടുകൂടി ജീവിക്കുന്നു എന്നുള്ളതാണ്. നല്ല സാമ്പത്തികമായ കഴിവുള്ളവരും എല്ലാവിധ സൗകര്യങ്ങളുമുള്ള ഒരു വിഭാഗമുണ്ട്. പക്ഷേ ഭൂരിപക്ഷം ആളുകളും കടുത്ത കാലാവസ്ഥയിൽ വളരെ ബുദ്ധിമുട്ടിയാണ് അവരുടെ ജീവിതം കഴിക്കുന്നത്. അവർക്ക് കിട്ടുന്ന വരുമാനവും കാര്യമായിട്ടുള്ളതാണെന്ന് അവകാശപ്പെടാൻ സാധിക്കില്ല. അവിടെ അവരുടെ സേവനവേതന വ്യവസ്ഥകളൊക്കെ മെച്ചപ്പെടുത്തുന്നതിനെ സംബന്ധിച്ച് നമ്മുടെ ഗവൺമെന്റിന് ഇടപെടുന്നതിന് വളരെയധികം പരിമിതികളുണ്ട്. എവിടെയെങ്കിലും കോൺട്രാക്ട് ലംഘിച്ചാൽ മാത്രമേ ഇന്ത്യാ ഗവൺമെന്റിന് അല്ലെങ്കിൽ ഇന്ത്യൻ എംബസ്സിക്ക് ഈ കാര്യത്തിൽ ഇടപെടാൻ സാധിക്കുകയുള്ളൂ. അവിടെ വളരെ പ്രതികൂലമായ കാലാവസ്ഥയിൽ കഴിയുന്നവരുടെ മറ്റുള്ള സൗകര്യങ്ങളും, യാത്രാ സൗകര്യങ്ങളുമൊക്കെ മെച്ചപ്പെടുത്തുന്നതിനുവേണ്ടി നടപടികളെടുക്കുന്ന കാര്യം ഗവൺമെന്റ് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്.

ഡോ. എം. എ. കുട്ടപ്പൻ : സർ, ഗൾഫ് മലയാളികളുടെ കഴിഞ്ഞ കാൽനൂറ്റാണ്ട് കാലത്തെ ഏറ്റവും വലിയ ആവശ്യമാണ് ചെലവ് കുറഞ്ഞ വിമാനസർവ്വീസ് എന്നത്. ഇന്ത്യാ ഗവണ്മെന്റ് ഓപ്പൺ സ്കൈ പോളിസി പ്രഖ്യാപിച്ചിട്ടും ബാക്കി എല്ലാ സെക്ടറുകളിലും പ്രൈവറ്റ് എയർലൈൻസ് അനുവദിച്ചിട്ടുപോലും ഗൾഫ് സെക്ടറുകളിൽ പ്രൈവറ്റ് എയർലൈൻസ് ഇതുവരെ അനുവദിച്ചിട്ടില്ല. അവരുടെ ഏറ്റവും വലിയ ആവശ്യവും ഇതാണ്. ഇന്നത്തെ പത്രത്തിൽ കണ്ടു ഗൾഫിൽ നിന്നും ഏപ്രിൽ മാസം മുതൽ എയർ ഇന്ത്യ എക്സ്പ്രസ്സ് സർവ്വീസ് എന്ന പേരിൽ ചെലവ് കുറഞ്ഞ സർവ്വീസ് തുടങ്ങാൻ പോകുന്നുവെന്ന്. അതുപോലെ എയർ അറേബ്യ ചെലവ് കുറഞ്ഞ സർവ്വീസ് നടത്തും എന്ന് പത്രവാർത്ത കാണുകയുണ്ടായി. ഈ വാർത്തയെക്കുറിച്ച് ഗവണ്മെന്റിന് എന്താണ് പറയാനുള്ളത് ? ഈ വാർത്ത ശരിയല്ലെങ്കിൽ ചെലവ് കുറഞ്ഞ സർവ്വീസ് നടത്താൻ കേന്ദ്രഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്താൻ സംസ്ഥാനഗവണ്മെന്റ് സന്നദ്ധമാകുമോ ?

ശ്രീ. ഉമ്മൻചാണ്ടി : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വിദേശത്ത് കഴിയുന്ന, വരുമാനം കുറഞ്ഞ കേരളീയരെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ആവശ്യമാണ്. ഗൾഫ് സെക്ടറുകളിലാണ് എയർ ഇന്ത്യ എറ്റവും വലിയ ചാർജ്ജ് ഈടാക്കുന്നത്. ഏറ്റവും വലിയ ചാർജ്ജ് എന്ന് പറഞ്ഞാൽ എല്ലാ സെക്ടറുകളിലും ചാർജ്ജ് ഒന്നുതന്നെയാണ്. പക്ഷേ ഗൾഫ് സെക്ടർ ഒഴിച്ച് ബാക്കി എല്ലാ സെക്ടറുകളിലും വളരെ കൂടുതൽ കൺസെഷൻസ് കൊടുക്കും; ശരിയായ റേറ്റ് ഒന്നാണെങ്കിലും വളരെ കൺസെഷൻസ് കൊടുക്കും; 30-40% വരെ കൺസെഷൻസ് കൊടുക്കും. എന്നാൽ ഗൾഫ് സെക്ടറുകളിൽ യാതൊരു കൺസെഷനുമില്ല. ഫുൾ ചാർജ്ജ് എന്ന് പറഞ്ഞാൽ വലിയ തുകയാണ്. ചെലവ് കുറഞ്ഞ വിമാന സർവ്വീസ് എന്നുള്ളത് ഗൾഫിലെ കേരളീയരുടെ പ്രത്യേകിച്ച് വരുമാനം കുറഞ്ഞവരുടെ വലിയൊരാഗ്രഹമാണ്. അതിന് വേണ്ടി സംസ്ഥാന ഗവണ്മെന്റ് കേന്ദ്രത്തിൽ എല്ലാ

വിധത്തിലുള്ള ശ്രമങ്ങളും നടത്തി, സമ്മർദ്ദം ചെലുത്തി. ഇപ്പോൾ എടുത്തിരിക്കുന്ന തീരുമാനം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എയർ ഇന്ത്യ എക്സ്പ്രസ്സ് എന്ന പേരിൽ തിരുവനന്തപുരം, നെടുമ്പാശ്ശേരി, കോഴിക്കോട് ഈ മൂന്ന് എയർപോർട്ടിൽനിന്നും ഓരോ വിമാനം ഓപ്പറേറ്റ് ചെയ്യും. ഇവിടെത്തന്നെയായിരിക്കും കിടക്കുന്നത്. തിരുവനന്തപുരം-ദുബായ്, തിരുവനന്തപുരം-മസ്ക്കറ്റ് അങ്ങനെ പോയി വരുന്ന വിധത്തിൽ ഒരു ദിവസം രണ്ട് സർവ്വീസ് എങ്കിലും നടത്തത്തക്കവിധത്തിലുള്ള മൂന്ന് വിമാനങ്ങൾ-അത് ഏപ്രിൽ മാസത്തിൽ ആദ്യത്തെ വിമാനസർവ്വീസ് ആരംഭിക്കത്തക്കവിധത്തിലാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. പക്ഷേ അതുകൊണ്ട് നമുക്ക് തൃപ്തി വരുന്നില്ല. കാരണം അതിന്റെ ചാർജ്ജ് 30% മാത്രമെ കുറയൂ. 25 മുതൽ 30% ചാർജ്ജ് കുറഞ്ഞ സർവ്വീസ് ആയിരിക്കും എയർ ഇന്ത്യ എക്സ്പ്രസ്സ്. കുറെക്കൂടി ചെലവ് കുറഞ്ഞ സർവ്വീസ് ആണ് എയർ അറേബ്യയ്ക്കുള്ളത്. അതിന് ഇപ്പോൾ അനുമതി കൊടുത്തിട്ടില്ല. സംസ്ഥാന ഗവണ്മെന്റ് എയർ അറേബ്യയ്ക്ക് ഗൾഫ് സെക്ടറിൽ സർവ്വീസ് നടത്താൻ അനുമതി കൊടുക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രിയെ നേരിട്ടുകണ്ട് ഈ ആവശ്യം ഉന്നയിച്ചു. അദ്ദേഹം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് പറഞ്ഞു. എയർ ഇന്ത്യ എക്സ്പ്രസ്സ് സർവ്വീസ് തുടങ്ങിയതിനുശേഷം എയർ അറേബ്യയുടെ കാര്യം കേന്ദ്രഗവണ്മെന്റ് അനുകൂലമായ തീരുമാനം എടുക്കുമെന്നുള്ള പ്രതീക്ഷയിലാണ് ഗവണ്മെന്റ്.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, ഏറ്റവും ഒരു പ്രധാനപ്പെട്ട പ്രശ്നം ശ്രദ്ധയിൽകൊണ്ടുവരാനാണ് എന്റെ ചോദ്യം. വിസയുടെ കാലാവധി കഴിഞ്ഞിട്ടും പാസ്പോർട്ടിന്റെ കാലാവധി കഴിഞ്ഞിട്ടും ധാരാളം ആളുകൾ ലേബർ ക്യാമ്പുകളിൽ ഉണ്ട്. അവർ വളരെയേറെ പീഡിപ്പിക്കപ്പെടുകയാണ്. പുറത്തു പറഞ്ഞാൽ ജയിലിൽ പോകേണ്ടിവരുമെന്ന അവസ്ഥയാണ് അവർക്കുള്ളത്. ഇവരെ തിരിച്ചുകൊണ്ടുവരുവാൻ നോർക്ക ഡിപ്പാർട്ട്മെന്റ് സത്വര നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. ഉമ്മൻചാണ്ടി: ഇങ്ങനെയുള്ള കുറെ പ്രശ്നങ്ങളുണ്ട്. നോർക്കയുടെ ശ്രദ്ധയിൽപ്പെടുന്ന കാര്യങ്ങളിൽ എംബസിയുമായി ആലോചിച്ച് അവരെ ബുദ്ധിമുട്ട് കൂടാതെ തിരിച്ചുകൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പലപ്പോഴും ഇതുപോലുള്ള പ്രശ്നങ്ങൾ രൂക്ഷമാകുന്നത്, ഇത് കഴിഞ്ഞതിനുശേഷം അവർ തിരിച്ചുവരാൻ ആഗ്രഹിക്കുന്നില്ല എന്നുള്ളതുകൊണ്ടാണ്. അവർക്ക് അവിടെനിന്ന് എങ്ങനെയെങ്കിലും രക്ഷപ്പെടാൻ സാധിക്കും, ഏതെങ്കിലും വിധത്തിൽ രേഖകൾ ശരിയാക്കി അവിടെ നിൽക്കാൻ സാധിക്കുമെന്ന പ്രതീക്ഷിച്ച് വീണ്ടും അവിടെ നിൽക്കുന്നതാണ് ഈ പ്രശ്നങ്ങൾ രൂക്ഷമാക്കുന്നത്. ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ഇന്ത്യൻ എംബസിയുമായും അവിടത്തെ തൊഴിൽ മന്ത്രാലവുമായും ബന്ധപ്പെട്ട് അവരെ തിരിച്ചു കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, ലേബർ കോൺട്രാക്റ്റ് ഏജൻസികളാണ് വളരെയേറെ വ്യാമോഹങ്ങൾ നൽകി ഇവിടെ നിന്ന് ആളുകളെ അങ്ങോട്ട് കയറ്റി കൊണ്ടുപോകുന്നത്. വഞ്ചിക്കപ്പെടുന്ന കാര്യങ്ങൾ മനസ്സിലാക്കുമ്പോൾ പിന്നെ നിയമപരമായി ഇവർക്കെതിരെ കേസ് എടുക്കാൻ സാധിക്കുന്നില്ല. നാട്ടിലെ സ്വത്തുക്കൾ കണ്ടുകെട്ടാനും നാട്ടിലേക്ക് വരുമ്പോൾ അവരുടെമേൽ പ്രോസിക്യൂഷൻ നടപടികൾ നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻചാണ്ടി : സർ, ഗവണ്മെന്റിന്റെ ശ്രദ്ധയിൽവരുന്ന കാര്യങ്ങളിൽ നിയമപരമായി ഗവണ്മെന്റിന് സ്വീകരിക്കാവുന്ന എല്ലാ നടപടികളും സ്വീകരിക്കും. തൊഴിൽ ഇല്ലാത്ത ചെറുപ്പക്കാർ എങ്ങനെയെങ്കിലും ഒരു തൊഴിൽ കിട്ടാൻവേണ്ടി ശ്രമിക്കുമ്പോൾ സർവ്വസ്വവും വിറ്റുപെറുക്കി മേടിച്ച് കൊണ്ടുപോയി വഞ്ചിക്കുന്നവർക്കെതിരെ ഒരു ദയാദാക്ഷിണ്യവും ഇല്ലാത്ത നടപടികൾ സ്വീകരിക്കും.

ശ്രീ. കെ. എ. ചന്ദ്രൻ : സർ, ഗൾഫ് നാടുകളിൽ കഷ്ടപ്പെടുന്ന മലയാളികൾക്ക് ചെറുതായെങ്കിലും ഒരാശ്വാസം ഉണ്ടാകണമെങ്കിൽ ഇന്ന് നിലവിലുള്ള എമിഗ്രേഷൻ ആക്റ്റ് ഭേദഗതി ചെയ്യുകയേ നിവൃത്തിയുള്ളു. അതാണെങ്കിൽ നമ്മുടെ പരിധിയിൽവരുന്നതും. ആ ഭേദഗതി വരുത്താൻ ആവശ്യമായ സമ്മർദ്ദം, അതിനുള്ള ഒരുക്കങ്ങൾ ചെയ്തതാണ് ജസ്റ്റിസ് സുകുമാരൻ കമ്മിറ്റിയുടെ ശുപാർശ. ആ ശുപാർശകൾ എന്ന്, എപ്പോൾ നടപ്പാക്കുമെന്ന കാര്യം അനന്തമായി നീളുന്നു. ഈ അവസരത്തിൽ ഗൾഫ് മലയാളികളിൽ സാധാരണക്കാർക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകളിൽ ഒന്ന്, അവരുടെ ബുദ്ധിമുട്ടുകൾ പറയാൻ ചെല്ലേണ്ട എംബസിയിൽ ആവശ്യത്തിനുള്ള ജീവനക്കാർപോലും ഉണ്ടാകുന്നില്ല എന്നതാണ്. ഉണ്ടെങ്കിൽത്തന്നെ മലയാളികളാകണമെന്നുമില്ല. അതുകൂടാതെ സാധാരണ വരുമാനത്തിൽ ജോലിക്കുപോകുന്ന ആളുകളുടെ പാസ്പോർട്ട് ഈ വ്യക്തിയുടെ കയ്യിൽ സൂക്ഷിക്കാൻ സാധിക്കുന്നില്ല. അത് ഉടമയുടെ കയ്യിലോ, ഏജന്റ് പറയുന്ന ആളുടെ കയ്യിലോ കൊടുക്കുകയാണ് ചെയ്യുന്നത്. അങ്ങനെവരുമ്പോൾ ഈ എമ്പസിയിൽ പോയി അപേക്ഷിക്കാനോ മറ്റ് മാർഗ്ഗങ്ങൾ സ്വീകരിക്കാനോ സാധിക്കാതെ അവർ വേദനയിൽ കഴിയേണ്ടിവരുന്നു. ഈ കാര്യത്തിൽ നമുക്ക് എന്ത് നടപടികൾ സ്വീകരിക്കാൻ കഴിയും? ഈ എമ്പസിയിൽ മലയാളികളായ ജീവനക്കാരെ നിയോഗിക്കുമോ? പാസ്പോർട്ട് കൈവശം വയ്ക്കുന്നതിനുള്ള അവകാശം സ്ഥാപിച്ചുകൊടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻചാണ്ടി : സർ, ഗൾഫ് മേഖലയിലെ എമ്പസിയിൽ ഒരു ഉദ്യോഗസ്ഥനെങ്കിലും മലയാളിയായിരിക്കണമെന്ന നിർദ്ദേശം ഗവണ്മെന്റ് കേന്ദ്ര ഗവണ്മെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്. കേന്ദ്ര വിദേശകാര്യ സഹമന്ത്രി ശ്രീ. ഇ. അഹമ്മദിനോട് ഇക്കാര്യം നേരിട്ട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത് എമ്പസികളിൽ ഉടനെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. സംസ്ഥാന ഗവണ്മെന്റ് വളരെയധികം സമ്മർദ്ദപൂർവ്വം ആ കാര്യം ആവശ്യപ്പെടും. കാരണം വിദേശത്തുള്ള മലയാളികൾക്ക് എമ്പസിയുമായി ബന്ധപ്പെട്ട് ചെയ്യുന്ന ഏറ്റവും പ്രധാനപ്പെട്ട സഹായം അതാണ്. ഒരു മലയാളി ഉദ്യോഗസ്ഥൻ ഉണ്ടെങ്കിൽ ഭാഷയുടെ കാര്യത്തിലാണെങ്കിലും, അവിടത്തെ സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിനും വളരെ എളുപ്പമാണ്. അത് സംസ്ഥാന ഗവണ്മെന്റ് പ്രത്യേകം ശ്രദ്ധിക്കും. എമിഗ്രേഷൻ ആക്റ്റിലെ വ്യവസ്ഥകൾ മാറ്റുന്നതിന് ചില നിർദ്ദേശങ്ങൾ കൊടുത്തുകഴിഞ്ഞു. എമിഗ്രേഷൻ ആക്റ്റിലെ തെറ്റുകൾ ആവർത്തിക്കാതിരിക്കാൻവേണ്ടി ഭേദഗതികൾ വരുത്തുമ്പോൾ പുറത്തേയ്ക്ക് പോകാനുള്ള ആളുകൾക്കുള്ള നടപടിക്രമങ്ങൾ കുറച്ചുകൂടി കർക്കശമാക്കും. അങ്ങനെയുള്ള ഒരു വഞ്ചന ഒഴിവാക്കാൻ ശ്രമിക്കുമ്പോൾ മറുവശത്ത് ചെറിയ ബുദ്ധിമുട്ടുകൾ കൂടിയുണ്ടാകും. അങ്ങനെ ബുദ്ധിമുട്ട് ഉണ്ടായാലും അത് വേണം എന്നുള്ളതുതന്നെയാണ് ഗവണ്മെന്റിന്റെ ആഗ്രഹം.

ശ്രീ. കെ. എ. ചന്ദ്രൻ : ഗൾഫ് നാടുകളിലേയ്ക്ക് തൊഴിൽ തേടി ഇന്നലെകളിൽ പോയിരുന്നവർ ശാരീരികബലമുള്ളവരും എന്തിനെയും തരണംചെയ്യാൻ തക്കവണ്ണം മാനസ്സിക ശേഷിയുള്ളവരുമാണ്. അവരിൽ മിക്കവരും രക്ഷപ്പെട്ടിട്ടുണ്ട്. സർ, ഇന്നത്തെ സ്ഥിതി അതല്ല. പെൺകുട്ടികൾ വിദ്യാഭ്യാസം നേടുകയും സ്വന്തം കാലിൽ നിൽക്കാൻ അവർ തയ്യാറാകുകയും ചെയ്യുന്നതിന്റെ ഭാഗമായി കിട്ടിയ ജോലിക്ക് പോകുന്ന അവസ്ഥയാണ് ഉള്ളത്. അങ്ങനെ പോകുന്നവർ യാത്രാ ചെലവ് പോലും വേണ്ടപ്പെട്ടവരിൽനിന്നോ, ബാങ്കുകളിൽനിന്നോ വായ്പ മേടിച്ചാണ് പോകുന്നത്. എന്നാൽ അവിടെ ചെല്ലുമ്പോഴുണ്ടാകുന്ന അനുഭവം ഒരാൾക്ക് വെളിയിൽ പറയാൻ കഴിയാത്തതാണ്. ഇങ്ങനെ അപമാനിതകളായ സ്ത്രീകൾ തങ്ങൾക്ക് നേരിട്ട അനുഭവം ഇവിടെയും പറയാൻ കഴിയില്ല എന്ന ദുരവസ്ഥയിൽ കഴിയുന്നത് മനസ്സിലാക്കി അവരെ പീഡിപ്പിക്കാതെ രക്ഷിക്കാൻ എന്ത് മാർഗ്ഗമാണ് സ്വീകരിക്കാൻ കഴിയുക എന്നുള്ളത് വ്യക്തമാക്കണം. അതിൽ ഏറിയകൂറും മലയാളി പെൺകുട്ടികളാണ് ഈ അവസ്ഥയ്ക്ക് വിധേയമാകുന്നത് എന്നത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : സർ, പെൺകുട്ടികളുടെ ഗൾഫ് നാടുകളിലേയ്ക്കുള്ള റിക്രൂട്ടുമെന്റിന് കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമായി, അവരുടെ ജോലിയും ജോലി വ്യവസ്ഥകളും സംബന്ധിച്ച് വ്യക്തമായ ഒരു ധാരണയും ഉറപ്പുമുണ്ടെങ്കിൽ മാത്രമേ നിയമാനുസൃതം അവരെ ഗൾഫുനാടുകളിലേയ്ക്കു വിടാൻ അനുവദിക്കുകയുള്ളു.

ശ്രീ. രാജു എബ്രഹാം : മാമലകൾക്കപ്പുറത്ത് മലയാള മണ്ണിനെ സ്വപ്നം കാണുന്ന ഗൾഫു മലയാളികൾ, പ്രത്യേകിച്ച് തൊഴിലാളികൾ, അവർക്ക് നാട്ടിലേയ്ക്ക് മടങ്ങി വരാനുള്ള വലിയൊരു സ്വപ്നമായിരുന്നു കപ്പൽ സർവ്വീസ്. അതിപ്പോൾ നിർത്തി വച്ചിരിക്കുകയാണ്. കഴിഞ്ഞ പ്രവാസി മന്ത്രി അതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമെന്നാണ് പറഞ്ഞത്. പക്ഷേ കപ്പൽ സർവ്വീസ് തുടങ്ങിയിട്ടില്ല. വൻ ലോബീയിംഗിന്റെ ഫലമായിട്ടാണ് ഈ കപ്പൽ സർവ്വീസ് തുടങ്ങാതിരിക്കുന്നത്. അടിയന്തിരമായി കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ അങ്ങയുടെ ഭാഗത്തു നിന്നും ഉണ്ടാകണമെന്നു അഭ്യർത്ഥിക്കുന്നു.

ശ്രീ. ഉമ്മൻചാണ്ടി : കപ്പൽ സർവ്വീസ് ഏറ്റവും വരുമാനം കുറഞ്ഞതാണ്; ഗൾഫിൽ കഴിയുന്നവർക്ക് വളരെ പ്രയോജനകരമാകുമെന്നുള്ള വാദത്തോടു ഞാൻ യോജിക്കുന്നു. ഒരിക്കൽ ഇതു തുടങ്ങിയതാണ്. ഇനിഷ്യൽ സ്റ്റേജിൽ വച്ചുതന്നെ അവസാനിപ്പിച്ചു. അതു തുടർന്നുകൊണ്ടു പോകാൻ സാധിച്ചിട്ടില്ല. ഇപ്പോഴും ആ നിർദ്ദേശം സജീവമായിട്ടുണ്ട്. പക്ഷേ പ്രായോഗികമായി പല വിധത്തിലുള്ള ബുദ്ധിമുട്ടുകളും നിലനിൽക്കുന്നുണ്ട്. ഏതെങ്കിലും വിധത്തിൽ അതു വീണ്ടും പുനരാരംഭിക്കാൻ കഴിയുമോ എന്നു ഗവൺമെന്റ് പരിശോധിക്കാം. പക്ഷേ ചെലവു കുറഞ്ഞ വിമാന സർവ്വീസ്, എയർ അറേബ്യയുടേതുപോലുള്ള നിർദ്ദേശം വന്നാൽ സ്വാഭാവികമായും അതിനായിരിക്കും കൂടുതൽ അംഗീകാരം ലഭിക്കുക. അതു നടക്കാത്ത ഒരു സാഹചര്യമാണെങ്കിൽ നിശ്ചയമായും കപ്പൽ സർവ്വീസിനുവേണ്ടിയുള്ള ശ്രമങ്ങൾ കുറെക്കൂടി ശക്തിപ്പെടുത്തും; അതിനുള്ള സാദ്ധ്യതകൾ ആരായുകയും ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കെ. ബാവ : നമ്മുടെ നാടുകളിൽ നിന്നും ഗൾഫിലേയ്ക്കു പോകുന്ന തൊഴിൽരഹിതരായ ചെറുപ്പക്കാർ, വിശേഷിച്ചും ചെറുപ്പക്കാരികൾ, അവർ മനസ്സുണ്ടായിട്ടല്ല പോകുന്നത്. മറിച്ച് നമ്മുടെ നാട്ടിൽ ഒരു തൊഴിലിനുവേണ്ടിയുള്ള അവസാനത്തെ ശ്രമവും പരാജയപ്പെടുമ്പോൾ, ബന്ധുക്കളേയും സ്നേക്കാരേയും നാട്ടുകാരേയും ഉപേക്ഷിച്ച് ഗൾഫിൽ എത്തിച്ചേർന്നാൽ ഒരു ജോലി കിട്ടുമെന്ന പ്രതീക്ഷയോടുകൂടിയാണ് ഇവർ പോകുന്നത്. ഇതു മനസ്സിലാക്കാൻ ഗൾഫിൽ പോകുന്ന ആളുകളുടെ വീടുകളിൽ തലേ ദിവസം വൈകുന്നേരം പോയി നോക്കിയാൽ മതി. ആ വിരഹവേദന നമുക്കു കാണാൻ കഴിയും. അങ്ങനെയുള്ള ആളുകളെ കബളിപ്പിക്കുന്നത് തടയുന്നതിന്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നോർക്ക വഴി നടത്തുന്ന ചില ശ്രമങ്ങളെക്കുറിച്ചൊക്കെ ഇവിടെ വിശദീകരിക്കുകയുണ്ടായി. അതു അങ്ങേയറ്റം സ്വാഗതാർഹമാണ്. എന്നാൽ ഇന്നും കബളിപ്പിക്കപ്പെടൽ തുടരുന്നു എന്നുള്ള വസ്തുതയിൽ നിന്നും നമുക്ക് ഒളിച്ചോടാൻ കഴിയില്ല. അതുകൊണ്ട് നോർക്ക വഴി ചെറുപ്പക്കാരുടെയിടയിൽ ഒരു ബോധവൽക്കരണ സംരംഭം ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ? അതോടൊപ്പം തന്നെ ഗൾഫിൽ കബളിപ്പിക്കപ്പെട്ട് വളരെയേറെ കഷ്ടപ്പാടുകൾ അനുഭവിച്ച്, എല്ലാ പ്രതീക്ഷകളും തകർന്ന് ജീവിതം തന്നെ മടുത്ത് ആരുടെയെങ്കിലും ഔദാര്യം കൊണ്ട് നാട്ടിലേയ്ക്ക് തിരിച്ചെത്തുന്ന ആളുകൾ, അവർ ഭീമമായിട്ടുള്ള സംഖ്യയാണ് ഏജന്റിനു കൊടുത്തിട്ടുള്ളത്. ആവശ്യമായ രേഖയില്ല എന്നുള്ള കാരണം പറഞ്ഞ്, ആ തുക അവർക്ക് മടക്കിക്കൊടുക്കുന്നില്ല, മടക്കിക്കൊടുക്കാൻ അധികൃതരുടെ ഭാഗത്തു നിന്നും ആവശ്യമായിട്ടുള്ള നടപടികളൊന്നും ഉണ്ടാകുന്നില്ല. പലപ്പോഴും ഗൾഫ് മലയാളികളുടെ കൈകളിൽ ആവശ്യമായ രേഖകൾ ഉണ്ടായേ എന്നു വരില്ല. രേഖകൾ ഇല്ലെങ്കിൽപ്പോലും ഇങ്ങനെയുള്ള ആളുകൾ കബളിപ്പിക്കപ്പെട്ടു പോയതാണോ അല്ലയോ എന്നു കർശനമായി അന്വേഷണം നടത്തി ഫലപ്രദമായ നടപടികൾ സ്വീകരിച്ച് ഇതു നിരുൽസാഹപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻചാണ്ടി : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ ഗൾഫിലേയ്ക്കു പോകുന്ന ആളുകൾ നേരിടുന്ന പ്രശ്നങ്ങളെല്ലാം ഉൾക്കൊള്ളുന്നതാണ്. ആ വികാരം ഞാൻ പൂർണ്ണമായും ഉൾക്കൊള്ളുന്നു. ഇങ്ങനെ വഞ്ചിക്കപ്പെടുന്നവർക്ക് പൂർണ്ണ സംരക്ഷണം കൊടുക്കുന്നതിന് ഗവൺമെന്റിന്റെ എല്ലാ കഴിവുകളും വിനിയോഗിക്കും. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് പോലീസിൽ ഒരു പ്രത്യേക എൻ.ആർ.ഐ. സെൽ, ഒരു ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്റെ കീഴിൽ തുടങ്ങുന്നത് രണ്ടു ലക്ഷ്യത്തോടുകൂടിയാണ്. ഒന്ന്, ഇതുപോലുള്ള റിക്രൂട്ടുമെന്റുകളിൽ വഞ്ചിക്കപ്പെടുന്നവർക്ക് സംരക്ഷണം കൊടുക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ. രണ്ട്, വിദേശ മലയാളികൾക്ക് അവരുടെ പ്രതീക്ഷകൾ—അവരുടെ ബന്ധുക്കളെ സംബന്ധിച്ച, അവരുടെ കുടുംബ സ്വത്തുക്കളെ സംബന്ധിച്ച എന്തെങ്കിലും ആക്ഷേപങ്ങളോ പരാതികളോ ഉണ്ടെങ്കിൽ ആ പരാതികൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന തലത്തിൽ ഒരു സെൽ നോം ചെയ്യും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ, വഞ്ചിക്കപ്പെടുന്നവരുടെ താല്പര്യങ്ങൾ പരമാവധി സംരക്ഷിക്കപ്പെടുക എന്നുള്ള ലക്ഷ്യം കൂടി വച്ചുകൊണ്ട് അക്കാര്യത്തിൽ ഇവർക്ക് പരമാവധി നീതി വരിക്കുന്ന സാഹചര്യം ഉണ്ടാക്കുന്നതിനുവേണ്ടി ശ്രമിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്ന മലയാളികളിൽ ഭൂരിപക്ഷം പേർ വിവരണാതീതമായ സാഹചര്യങ്ങളിൽ ജീവിക്കുന്നവരാണ്. അവരുടെ കുടുംബാംഗങ്ങൾ നമ്മുടെ നാട്ടിൽ പല വിധത്തിലുള്ള പ്രശ്നങ്ങൾക്കും വിധേയരാകാറുണ്ട്. പ്രത്യേകിച്ചും അവർക്ക് വീടു നിർമ്മാണം, സർക്കാരിൽ നിന്നും കിട്ടുന്ന സഹായം, ഇത്തരം കാര്യങ്ങൾക്കുവേണ്ടി സർക്കാർ ഓഫീസുകളെ സമീപിക്കാൻ വീടുകളിൽ ചിലപ്പോൾ പുരുഷന്മാർ ഉണ്ടാകാറില്ല. സ്ത്രീകളും കുട്ടികളുമാണ് പ്രയാസങ്ങൾ അനുഭവിക്കുന്നത്. ഇത്തരക്കാരുടെ ആവശ്യങ്ങൾ പരിഗണിച്ചുകൊടുക്കാൻ പ്രത്യേകമായ ക്രമീകരണങ്ങൾ നമുക്കുണ്ടാക്കുവാൻ സാധിക്കുമോ? പോലീസ് സേനയിൽ എൻ.ആർ.ഐ. സെല്ലുകൾ ഉണ്ടാക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. അതേ തരത്തിലുള്ള ഒരു സെൽ മുനിസിപ്പൽ ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ഉണ്ടാക്കി ഇത്തരം കുടുംബാംഗങ്ങളുടെ കാര്യം പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ? ആരൊക്കെയാണ് എൻ.ആർ.ഐ. കാർ എന്നുള്ള ലിസ്റ്റു പോലും നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇല്ലെന്നുള്ളതാണ് വസ്തുത. ഇവരുടെ പ്രശ്നം പരിഹരിക്കാനുള്ള പ്രത്യേക സെൽ ഉണ്ടാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻചാണ്ടി : എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അങ്ങനെയൊരു സെൽ രൂപീകരിക്കുക എന്നുള്ളത് പ്രായോഗികമാണോ എന്നുള്ളത് പരിശോധിക്കേണ്ടി വരും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആശയം കുറെക്കൂടി ഉയർന്ന തലത്തിൽ ചർച്ച ചെയ്യാം. നമ്മുടെ ബഡ്ജറ്റിൽ തിരുവനന്തപുരത്ത് നോർക്കാ ഭവൻ നിർമ്മിക്കുന്നതിനുവേണ്ടി തുക മാറ്റിവച്ച കാര്യവും പറഞ്ഞിട്ടുണ്ട്. അതിന്റെ നിർമ്മാണം ഉടനെ ആരംഭിക്കാനും ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനുമാണ് ഇപ്പോൾ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. അതിനുവേണ്ടിയുള്ള സ്ഥലംകണ്ടുപിടിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. അങ്ങനെ ആരംഭിക്കുന്ന നോർക്കാ ഭവനിൽ എൻ.ആർ.ഐ.ക്കാരുടെ മൊത്തത്തിലുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു സംവിധാനം ഉണ്ടാക്കുന്നതിന് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അങ്ങനെ വരുന്ന സമയത്ത് നമുക്ക് എവിടം വരെ അവരുടെ ആവശ്യങ്ങൾ വ്യാപിപ്പിക്കാമെന്നുള്ളതിനെ സംബന്ധിച്ച് ആലോചിക്കാവുന്നതാണ്. ബഹുമാനപ്പെട്ട മെമ്പറുടെ ഈ നിർദ്ദേശവും പരിഗണിക്കുന്നതാണ്.

ശ്രീ. കെ. ബാബു : പ്രധാന നഗരങ്ങളിലെല്ലാം വിദേശ രാജ്യങ്ങളുടെ Consulate പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൽ ഒരു രാജ്യത്തിന്റേയും Consulate പ്രവർത്തിക്കുന്നില്ല. ഏറ്റവും ചുരുങ്ങിയ പക്ഷം യു.എ.ഇ. Consulate എങ്കിലും കേരളത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? അതിനു കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. ഉമ്മൻചാണ്ടി : ഇതു കേന്ദ്ര ഗവൺമെന്റല്ല അതാതു രാജ്യങ്ങളാണ് തീരുമാനിക്കേണ്ടത്. അതാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. ഇവിടെ Consulate പ്രത്യേകിച്ച് ഗൾഫ് നാടുകളിൽ വേണമെന്നു പറയുന്നത് ന്യായമായിട്ടുള്ള ഒരു കാര്യമാണ്. നമുക്ക് വളരെയധികം ആവശ്യങ്ങൾ അതുമൂലം നേടിയെടുക്കാനാകും. കഴിഞ്ഞ ദിവസം ഖത്തറിലുള്ള ഡെപ്യൂട്ടി പ്രൈംമിനിസ്റ്ററുടെ ശ്രദ്ധയിൽ ഞാൻ തന്നെ ഇക്കാര്യം

കൊണ്ടുവന്നു. അദ്ദേഹം അതു പരിശോധിക്കാമെന്നു പറഞ്ഞു. വിദേശരാജ്യങ്ങളാണ് ഇതു സംബന്ധിച്ച് ഒരു തീരുമാനമെടുക്കേണ്ടത്. അവിടെ നമുക്കുള്ള അനുകൂലമായ സാഹചര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ നോക്കും. പക്ഷേ ഇന്നുവരെ ആരും അതിനു തയ്യാറായിട്ടില്ല.

ശ്രീ. മഞ്ഞളാംകുഴി അലി : വിദേശ രാജ്യങ്ങളിൽ ജോലിക്കു പോകുമ്പോൾ എമിഗ്രേഷൻ ഡെപ്പോസിറ്റ് എന്ന വകയിൽ ഓരോ പ്രവാസിയും ഏകദേശം 2500 രൂപ മുതൽ 4000 രൂപ വരെ ഡെപ്പോസിറ്റായി Protector of Emigrants Office-ൽ അടയ്ക്കേണ്ടതുണ്ട്. ഈ സംഖ്യ വിദേശത്തുവച്ചു മരിക്കുകയോ അപകടത്തിൽപ്പെടുകയോ അല്ലെങ്കിൽ കഷ്ടപ്പെടുകയോ ചെയ്യുമ്പോൾ നാട്ടിലേയ്ക്ക് എംബസ്സി വഴി അവരെ തിരിച്ചു കൊണ്ടു വരാൻ വേണ്ടിയാണ് വാങ്ങുന്നത്. അയ്യായിരം കോടി രൂപയോളം ഈ വകയിൽ കേന്ദ്ര ഗവൺമെന്റിന്റെ പക്കൽ കെട്ടിക്കിടക്കുന്നുണ്ട് എന്നാണ് അറിയുന്നത്. അർഹിക്കുന്ന ആളുകൾക്ക് അത് മടക്കിക്കൊടുക്കുന്നില്ല. അതുപോലെ അപകടത്തിൽപ്പെട്ട ആളുകളേയും കഷ്ടപ്പെടുന്നവരേയും സഹായിക്കുന്നില്ല. അങ്ങ് മുൻകൈ എടുത്ത് ഈ സംഖ്യ അർഹിക്കുന്നവർക്ക് മടക്കിക്കൊടുക്കാൻ ശ്രദ്ധിക്കുമോ? അതുപോലെതന്നെ ഗൾഫിൽ കഷ്ടപ്പെടുന്നവരെ കാണാനും പരാതി കേൾക്കാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗൾഫിൽ പോകാൻ തയ്യാറാകുമോ?

ശ്രീ. ഉമ്മൻചാണ്ടി : എമിഗ്രേഷൻ ആക്ടിന്റെ വ്യവസ്ഥയനുസരിച്ച് കളക്ട് ചെയ്യുന്നതുക, അയ്യായിരം കോടി രൂപയെന്നു പറഞ്ഞതിനെക്കുറിച്ച് ഗവൺമെന്റിന് വിവരമില്ല. ഏതായാലും ഗൾഫ് നാടുകളിൽ കഷ്ടപ്പെടുന്ന മലയാളികളെ സംബന്ധിച്ചുള്ള വിവരങ്ങൾ എംബസ്സിക്കു കൊടുത്താൽ അവർ ആ കാര്യങ്ങളിൽ നമ്മുടെ ആവശ്യപ്രകാരം അതിൽ ഇടപെടുകയും അവരെ സഹായിക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. എവിടെയെങ്കിലും എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ വീണ്ടും എംബസ്സിയുമായി ബന്ധപ്പെടാം. ഏതായാലും അവിടെയുള്ള മലയാളികളുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനുവേണ്ടി ഒരു പ്രത്യേക സംവിധാനം ഗവൺമെന്റുണ്ടാക്കും. അതിനു ഞാൻ അവിടെ പോകേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. വർക്കല കഹാർ : സർ, സൗദിവത്കരണത്തിന്റെ ഫലമായി ആയിരക്കണക്കിന് ആൾക്കാർക്ക് സൗദിയിൽ ജോലി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. സൗദിവത്കരണ സംഭവങ്ങൾക്കുശേഷം ആളുകളുടെ വസ്തുവകകൾ കൊള്ളയടിക്കുകയും അതോടൊപ്പംതന്നെ സ്ഥാപനങ്ങൾ കുത്തിത്തുറക്കുകയും ചെയ്യുന്ന നിരവധി സംഭവങ്ങൾ സൗദി അറേബ്യയുടെ വിവിധ ഭാഗങ്ങളിൽ ഉണ്ടാവുന്നു. കോൺസുലേറ്റിൽ ഉള്ള ഒരാൾ പോലും ആക്രമിക്കപ്പെട്ടതായി എന്നോടു പറഞ്ഞു. എംബസിയുടെ മുൻപിൽ നിരവധി പരാതികൾ വന്നു. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അങ്ങനെയെങ്കിൽ വസ്തുവകകൾ കൊള്ളയടിക്കപ്പെടുകയും ആക്രമിക്കപ്പെടുകയും ചെയ്ത ഈ സംഭവങ്ങൾക്കെതിരെ നമ്മുടെ ആളുകളെ സഹായിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്? നമ്മുടെ ആളുകളെ സഹായിക്കാൻ നോർക്കയ്ക്ക് അവിടെ സംവിധാനം ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻചാണ്ടി : സർ, നോർക്കയ്ക്ക് അവിടെ സംവിധാനം ഒന്നുമില്ല. വ്യാപകമായ സംഭവങ്ങൾ ഉണ്ടായതായിട്ട് പരാതി വന്നിട്ടില്ല. കിട്ടുന്ന പരാതികൾക്ക് ഇൻഡ്യൻ എംബസി വഴി പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കും. ഗൾഫ് രാജ്യങ്ങളിലെ നിയമങ്ങൾ വളരെ കർക്കശമാണ്. അതിൽ നമുക്കു നേരിട്ട് ഇടപെടുന്നതിനോ മറ്റു സാധ്യതകളോ ഇല്ല. അതേസമയം ഇന്ത്യൻ എംബസി വഴി പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കാൻ സാധിക്കും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞകാര്യങ്ങളെപ്പറ്റി വിശദാംശങ്ങൾ അറിയിച്ചാൽ ഇന്ത്യൻ എംബസി വഴിയോ വിദേശകാര്യ മന്ത്രാലയവുമായി ബന്ധപ്പെട്ടോ പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കാം.

ശ്രീ. പി. എസ്. സുപാൽ : സർ, ഗൾഫ് നാടുകളിൽ ജോലിചെയ്യുന്ന പതിനഞ്ചോ ഇരുപതോ ശതമാനത്തിനുമാത്രമാണ് നല്ല ശമ്പളവും അതുപോലെ നല്ല ജോലിയുമുള്ളത്. ബഹുഭൂരിപക്ഷവും ഭാര്യയുടെ കെട്ടുതാലി പണയംവച്ചും വസ്തു പണയംവച്ചും പലിശയ്ക്കു പണം വാങ്ങിയുമൊക്കെയാണ് പോയിരിക്കുന്നത്. അവിടെ ചെന്നാൽ പറഞ്ഞ ജോലി അവർക്ക് കിട്ടാറില്ല. വളരെ പരിതാപകരമായ സാഹചര്യങ്ങളിൽ അനേകായിരങ്ങൾ അവിടെ ജോലി ചെയ്യുന്നു. അങ്ങനെയുള്ള സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട് അവർ തിരിച്ചുവരുമ്പോൾ അവരുടെ പുനരധിവാസത്തിലും അതുപോലെ തുടർന്ന് ഏതെങ്കിലും ജോലിചെയ്തു ജീവിക്കാനുമുള്ളവഴി ഒരുക്കുന്ന സാഹചര്യത്തിലും ശ്രദ്ധിച്ചുകൊണ്ട് ഗൾഫ് മലയാളികളുമായി ബന്ധപ്പെട്ട് ഗവൺമെന്റ് എന്തെല്ലാം ക്ഷേമപ്രവർത്തനങ്ങൾ ആണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്? ഈ മേഖലയിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ?

ശ്രീ. ഉമ്മൻചാണ്ടി :സർ, അവിടെ നിന്ന് ജോലി കഴിഞ്ഞ് മടങ്ങിവരുന്നവരെക്കുറിച്ചല്ലേ അങ്ങ് ഉദ്ദേശിച്ചത് ? തിരിച്ചുവരുന്നവർക്ക്, ഏതെങ്കിലും വിധത്തിലുള്ള സഹായങ്ങൾ ചെയ്യാൻ സാധിക്കുമോയെന്ന് ഗവൺമെന്റ് പരിശോധിക്കുന്നുണ്ട്. ഇപ്പോഴത്തെ ബഡ്ജറ്റിൽ തന്നെ അവർക്കുവേണ്ടിയുള്ള ഇൻഷുറൻസ് സ്കീം പ്രഖ്യാപിച്ചിട്ടുണ്ട്, അവർക്ക് പരമാവധി സഹായങ്ങൾ ചെയ്യാൻ ശ്രമിക്കും.

ശ്രീ. പി. പി. ജോർജ് : എമിഗ്രേഷൻ ആക്ടിന്റെ ഭേദഗതികൾക്ക് അംഗീകാരം ലഭിക്കുന്നതിനുവേണ്ടി ശ്രമിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അതിന്റെ പരിധിയിൽപ്പെടാത്ത അങ്ങയുടെ നിർദ്ദേശങ്ങളിൽ പറഞ്ഞിട്ടുള്ള (4,5) പ്രൊമോഷൻ കൗൺസിൽ രൂപീകരിക്കുക, വെൽഫെയർ ഫണ്ട് നടപ്പിലാക്കുക എന്നീകാര്യങ്ങളും ആരംഭിക്കാൻ നടപടികൾ എടുത്തുകൂടെ ? അത് ആക്ടിന്റെ പരിധിയിൽ വരണമെന്നില്ലല്ലോ;

ശ്രീ. ഉമ്മൻചാണ്ടി : കേന്ദ്ര ഗവൺമെന്റിന്റെ 1983-ലെ എമിഗ്രേഷൻ ആക്ടിൽ ഭേദഗതി വരുത്തുന്നതുസംബന്ധിച്ച് സുകുമാരൻ കമ്മിറ്റിയുടെ ശുപാർശകൾ അനുസരിച്ച് നമ്മൾ കൊടുത്തിരിക്കുന്നത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് തീരുമാനങ്ങൾ എത്രയും വേഗം നടപ്പിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ് : നോർക്കയ്ക്ക് മറ്റു സംവിധാനങ്ങൾ ഇല്ല. എന്നാൽ ഡെഡ്ബോഡി കൊണ്ടുപോകാനും മറ്റു കാര്യങ്ങൾക്കുമായി അവിടെ അനൗദ്യോഗികമായി പ്രവർത്തിക്കുന്ന ധാരാളം സേവന സംഘടനകൾ ഉണ്ട്. ഇവർക്ക് ഔദ്യോഗികമായ ഒരു പരിവേഷം നൽകാൻ എംബസിയുമായി ബന്ധപ്പെട്ട ഒരു ലെയ്സൺ വിഭാഗം ഗൾഫ് രാജ്യങ്ങളിൽ നോർക്കയ്ക്കുവേണ്ടി ഉണ്ടാക്കാൻ ശ്രമിച്ചുകൂടേ, അതിന് നിയമപരമായി ബുദ്ധിമുട്ടുണ്ടോ?

ശ്രീ. ഉമ്മൻചാണ്ടി : ഇൻഫോർമൽ ആയിട്ടുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്നതിന് തടസ്സങ്ങളുണ്ട്. നമ്മുടെ എല്ലാ മലയാളികളെയും യോജിപ്പിച്ച് ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കാൻ സാധിക്കുമെങ്കിൽ അത് ഫലപ്രദമായി നടപ്പാക്കാൻ സാധിക്കും. പക്ഷേ അതിനുവേണ്ടി നടത്തിയ ശ്രമങ്ങളൊന്നും വിജയിച്ചിട്ടില്ല. എല്ലാ സംഘടനകളെയും യോജിപ്പിച്ചുകൊണ്ട് ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കാൻ സാധിക്കുന്നില്ല. ഇൻഫോർമൽ ആയിട്ടുള്ള അറേഞ്ചുമെന്റ് നടത്തുന്നതിന് പരമാവധി ശ്രമിക്കുന്നുണ്ട്. പക്ഷേ ഇന്ത്യൻ എംബസിയിൽ ഈവക കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞാൽ അവിടെ നിന്നുമുള്ള റെസ്പോൺസ് വളരെ പോസിറ്റീവ് ആണ്. വളരെ അനുകൂലമായിട്ടുള്ള ഒന്നായതുകൊണ്ട് ഇതുപോലെയുള്ള കാര്യങ്ങളിൽ നമുക്ക് ഒരു ബുദ്ധിമുട്ട് തോന്നിയിട്ടില്ല. തുടർന്നും മലയാളികളുമായി ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കിക്കൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയുള്ള ഒരു അറേഞ്ചുമെന്റ് ഉണ്ടാക്കുന്നതിന് ശ്രമിക്കാം.

ശ്രീ. ടി. എൻ. പ്രതാപൻ : നമ്മുടെ സഭ പോലും ഐകകണ്ഠേന പാസാക്കിയ പ്രമേയമാണ് വിദേശമലയാളികൾക്ക് വോട്ടവകാശം ലഭിക്കുന്നതിന് വേണ്ടി കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തുമെന്നുള്ളത്. പ്രത്യേകിച്ചും യു.പി.എ. ഭരിക്കുന്ന, നമുക്കെല്ലാവർക്കും സ്വാധീനമുള്ള കാലഘട്ടത്തിൽ ഇതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ശക്തമായ സമ്മർദ്ദം ചെലുത്തുമോ ?

ശ്രീ. ഉമ്മൻചാണ്ടി : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. വളരെ വർഷങ്ങളായുള്ള ആവശ്യവുമാണ്. ഇപ്രാവശ്യത്തെ പ്രവാസി ഭാരതീയ സമ്മേളനത്തിൽ ഈ നിർദ്ദേശം ഞാൻ അവതരിപ്പിച്ചു. അവിടെ വന്നിരുന്ന പലരും അതിനോട് യോജിച്ച സാഹചര്യത്തിൽ അത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ നിർദ്ദേശം കൊടുക്കാൻ കേന്ദ്ര പ്രവാസികാര്യവകുപ്പുമന്ത്രി ആവശ്യപ്പെട്ടതനുസരിച്ച് കൊടുത്തിട്ടുണ്ട്. നമുക്ക് ഇപ്പോൾ പോസ്റ്റൽ വോട്ട് പ്രായോഗികമല്ല. എംബസിയിൽ ബാലറ്റ്പെട്ടി വയ്ക്കൽ പ്രായോഗികമല്ല. കേന്ദ്ര ഗവൺമെന്റ് ഇരട്ടപൗരത്വം പ്രഖ്യാപിച്ച ഗൾഫിലുള്ള മലയാളികളെ സംബന്ധിച്ച് അതും പ്രയോജനമില്ല. അവർക്ക് അവിടെ പൗരത്വമില്ല, അവർ ഇന്ത്യൻ പൗരൻമാർതന്നെയാണ്. അവർക്ക് വോട്ടുചെയ്യാൻ പറ്റുന്നില്ല ഈ സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റ് കൊടുത്ത നിർദ്ദേശം, വിദേശത്തുകഴിയുന്ന മലയാളികളുടെ പേരുകൂടി വോട്ടർ പട്ടികയിൽ ഉണ്ടായിരിക്കണം, പ്രത്യേകം ഒരു ലിസ്റ്റ് എൻ.ആർ.ഐ.-ക്കാരുടെ ലിസ്റ്റ് അവരുടെ പാസ്സ്പോർട്ട് നമ്പർ സഹിതം ഉണ്ടായിരിക്കണം, അവർക്ക് വോട്ടവകാശം ഉണ്ടായിരിക്കും എന്നുള്ളതാണ്. പക്ഷേ പത്തുശതമാനം പേർക്കല്ലേ വോട്ടു ചെയ്യാൻ സാധിക്കുകയുള്ളൂ. കാരണം വോട്ടിങ് നടക്കുന്ന അവസരത്തിൽ

നാട്ടിലുള്ളവർക്ക് വോട്ട് ചെയ്യാം. പത്തുശതമാനം ആളുകൾക്കേ വോട്ടുചെയ്യാൻ സാധിക്കുവെങ്കിലും മാനസികമായി ഒരു സംതൃപ്തിയുണ്ടാകും കാരണം ഞാനും പൂർണ്ണ അവകാശമുള്ള ഇന്ത്യൻ പൗരൻ ആണ് എനിക്കും വോട്ടവകാശം ഉണ്ട് എന്നുള്ള മാനസിക സംതൃപ്തി ഉണ്ടാകും. എന്നാൽ ആൾ സ്ഥലത്തില്ലാത്തതുകൊണ്ട് വോട്ടു ചെയ്യാൻ പറ്റുന്നില്ല. താത്പര്യമുള്ളവർക്ക് തെരഞ്ഞെടുപ്പു പ്രഖ്യാപിക്കുമ്പോൾ നേരത്തെതന്നെ അതനുസരിച്ച് നാട്ടിൽ വരാം. സാധാരണ ഗതിയിൽ ഒരു ആറേഴു ശതമാനം ആളുകൾ നാട്ടിൽ കാണും; നാട്ടിൽ ഉള്ളവർക്ക് വോട്ടുചെയ്യാൻ പറ്റും. വോട്ടവകാശം അവർക്കും ലഭ്യമാകും. ഇങ്ങനെയുള്ള ഒരു നിർദ്ദേശമാണ് കൊടുത്തിരിക്കുന്നത്. അത് കേന്ദ്ര ഗവൺമെന്റ് ഗൗരവമായി പരിഗണിക്കാം എന്നു പറഞ്ഞിട്ടുണ്ട്.

ശ്രീ. വി. സി. കബീർ : മൂവായിരത്തോളം ലേബർ ക്യാമ്പുകൾ യു.എ.ഇ.-യിൽ മാത്രമുണ്ട്. നാല് ലക്ഷത്തോളം മലയാളികൾ ഇവിടെ താമസിക്കുന്നുണ്ട്. ലേബർ ഓഫീസർ എന്നു പറയുന്നയാൾ ഒരിക്കലും ഈ ക്യാമ്പുകളിൽ പോകാറില്ല. അതിനെ സംബന്ധിച്ച് ഒരുപാടു പ്രശ്നങ്ങളും, പരാതികളും ഉത്ഭവിച്ചിട്ടുണ്ട്. ഞാൻ തന്നെ അതേ സംബന്ധിച്ച കാര്യങ്ങൾ മുഖ്യമന്ത്രിക്ക് എഴുതിത്തന്നിട്ടുണ്ട്. അതുകൊണ്ട് ലേബർ ഓഫീസർ എന്ന പോസ്റ്റ് ഉണ്ടാവുകയും മാസത്തിൽ ഒരിക്കലെങ്കിലും ഈ ലേബർ ഓഫീസർ ക്യാമ്പുകൾ പരിശോധിക്കുന്നതിനുമായി ആവശ്യമായ നടപടി കേന്ദ്ര ഗവൺമെന്റുമായി ആലോചിച്ചു നടപ്പാക്കുമോ ?

ശ്രീ. ഉമ്മൻചാണ്ടി : ചില ലേബർ ക്യാമ്പുകളിലെ സ്ഥിതി വളരെ ദയനീയമാണ് എന്ന് മെമ്പർ പറഞ്ഞതിനോട് യോജിക്കുന്നു. പക്ഷേ അവിടെ നമുക്ക്, എംബസിക്കാണെങ്കിൽ പോലും പ്രവർത്തിക്കുന്നതിനു വളരെയധികം പരിമിതികൾ ഉണ്ട്. ആ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി നമ്മുടെ ആളുകളുടെ താത്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തിക്കണം എന്നത് ന്യായമായ ആവശ്യമാണ്. ഈ ആവശ്യം എംബസിയുടെ ശ്രദ്ധയിൽപ്പെടുത്താം.

ശ്രീ. കെ. സി. ജോസഫ് : മുഖ്യമന്ത്രി പറഞ്ഞതുപോലെ R.P. Act-ൽ amendment വരുത്തി വിദേശമലയാളികളുടെ പേര് Elecroral Roll-ൽ ഉൾപ്പെടുത്തുന്നത് സ്വാഗതാർഹമായ കാര്യമാണ്. ഭയാശങ്കകൾ ഉള്ളത് നാട്ടിൽ ഉള്ളവരുടെ വോട്ടുകൾ പോലും കള്ളവോട്ടുചെയ്യുന്ന കണ്ണൂർ ജില്ലയിൽ.....(ബഹളം)..... നാട്ടിൽ ഉള്ളവരുടെ വോട്ടു പോലും കള്ളവോട്ടുചെയ്യുന്ന സ്ഥിതിക്ക്, ഇല്ലാത്തവരുടെ കാര്യം പറയണോ.....
സംസ്ഥാന ഗവൺമെന്റിൽ.....(ബഹളം).....

മി. സ്പീക്കർ : രാഷ്ട്രീയം പറയാൻ വേറെ ഏതെല്ലാം അവസരങ്ങൾ ഉണ്ട്. ചോദ്യോത്തരവേളയിൽ ദയവുചെയ്തു സഹകരിക്കുക.

ശ്രീ. കെ. സി. ജോസഫ് : കേരളത്തിലെ നമ്മുടെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ റേഷൻ കാർഡിൽ എൻ.ആർ.ഐ.-ക്കാരുടെ പേരു ചേർക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻചാണ്ടി : വോട്ടേഴ്സ് ലിസ്റ്റിൽ പേരു ചേർക്കുന്നതുസംബന്ധിച്ച സംസ്ഥാന ഗവൺമെന്റ് കൊടുത്തിരിക്കുന്ന നിർദ്ദേശം, പാസ്പോർട്ടുമായി ചെല്ലുന്നവർക്കു മാത്രമേ വോട്ടുചെയ്യാൻ അവകാശം ഉണ്ടായിരിക്കൂ എന്നുള്ളതാണ്. പാസ്പോർട്ടിൽ അവർ ഇന്ത്യയിൽ പ്രവേശിച്ച ഡേറ്റും മറ്റു കാര്യങ്ങളും ഉണ്ടാകും അതനുസരിച്ചുമാത്രമേ അവർക്കു വോട്ടുചെയ്യാൻ സാധിക്കൂ. ഈ നിലയിൽ ഉള്ള Voting Right ഇന്ത്യാക്കാർക്കു കൊടുക്കുന്നതുകൊണ്ട് കള്ളവോട്ട് ചെയ്യുന്നതിനുള്ള അവസരം ഒരിക്കലും ഉണ്ടാവുകയില്ല. റേഷൻ കാർഡിന്റെ കാര്യത്തിൽ അതിന്റെ പ്രായോഗിക വശങ്ങൾ പരിശോധിച്ചു തീരുമാനം എടുക്കും.

ആദിവാസികൾക്ക് ഭൂമി നൽകുമെന്ന പ്രഖ്യാപനം

2 [*149] ശ്രീ. എം. വി. ജയരാജൻ :

,, കെ. വി. കുഞ്ഞിരാമൻ :

,, ടി. വി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും ഭൂമി നൽകുമെന്ന മുൻ സർക്കാരിന്റെ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഭൂരഹിതരായ എല്ലാ ആദിവാസി കുടുംബങ്ങൾക്കും ഏത് രീതിക്ക് മുൻപായി 5 ഏക്കർ ഭൂമി വീതം നൽകുമെന്നായിരുന്നു മുൻസർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നത്;

(സി) ഭൂരഹിതരായ എത്ര ആദിവാസി കുടുംബങ്ങൾ ഇപ്പോൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ആദിവാസി ക്ഷേമ സമിതിയുടെ നേതൃത്വത്തിൽ ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം കേന്ദ്രങ്ങളിൽ ആദിവാസി കുടുംബങ്ങൾ ഭൂസമരം നടത്തിവരുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) :

(എ) ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും ഭൂമി നൽകുന്ന നടപടി പൂർത്തിയായിട്ടില്ല. പ്രസ്തുത ലക്ഷ്യത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നടപ്പിലാക്കിവരുന്നു.

(ബി) ഭൂരഹിതരും, ഒരേക്കറിൽ താഴെ ഭൂമിയുള്ളവരുമായ ആദിവാസി കുടുംബങ്ങൾക്ക് പുരുങ്ങിയത് ഒരേക്കർ ഭൂമിയും ലഭ്യതയ്ക്കനുസരിച്ച് 5 ഏക്കർ വരെയും വിതരണം ചെയ്യണമെന്നാണ് തീരുമാനിച്ചിരുന്നത്. എല്ലാവർക്കും ഭൂമി കൊടുത്തു തീർക്കുന്നതിനായി പ്രത്യേക സമയ പരിധിയൊന്നും നിശ്ചയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly